**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** **06-12-2022 - ൽ മറുപടിയ്ക്ക്**

**തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെയും കായിക്കര ആശാൻ സ്മാരകത്തിന്റെയും നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് പത്ത് കോടി രൂപ അനുവദിച്ച തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെയും മൂന്ന് കോടി രൂപ അനുവദിച്ച കായിക്കര ആശാൻ സ്മാരകത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കനകജൂബിലി മന്ദിരം, ദേശീയ പൈതൃക മ്യൂസിയം, ആശാൻ കാവ്യ ഭൂമി ഓപ്പൺ എയർ തീയേറ്റർ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിക്കായി 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ മറുപടി ചർച്ചയിൽ പ്രഖ്യാപിച്ച 10 കോടി രൂപയും 2019-20 വർഷം ടി സ്ഥാപനത്തിന്റെ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപയും ചേർത്ത് ആകെ 10 കോടി 60 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>2019-20 സാമ്പത്തിക വർഷം ടി തുകയിൽ നിന്നും ആദ്യ ഗഡുവായി 2,65,00,000/-രൂപ (രണ്ട് കോടി അറുപത്തി അഞ്ച് ലക്ഷം രൂപാ മാത്രം) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും സാമ്പത്തിക നിയന്ത്രണങ്ങൾ കാരണം ടി തുക തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയിരുന്നില്ല. 2020-21 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 60,00,000/-രൂപ (അറുപത് ലക്ഷം രൂപാ മാത്രം) കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിക്കുകയും അതേ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br><br>കായിക്കര ആശാൻ സ്മാരകം സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ വരുന്ന ടി സ്മാരകത്തിന് 2019-20 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച Setting up of Tourism Awareness and Information Centre at Kayikkara Asan Smarakom and Providing Visitors Amenities – Anchuthengu, Thiruvananthapuram എന്ന പദ്ധതി പ്രവർത്തനങ്ങൾ 40% പൂർത്തീകിരിച്ചിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര, തിരുവനന്തപുരം എന്ന ഏജൻസി മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കി വരുന്നത്. |
| (ബി) | ഏതു ഏജൻസി മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്; നിലവിലെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കനകജൂബിലി മന്ദിരം, ദേശീയ പൈതൃക മ്യൂസിയം, ആശാൻ കാവ്യ ഭൂമി ഓപ്പൺ എയർ തീയേറ്റർ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഒരു വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിക്കായി 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ മറുപടി ചർച്ചയിൽ പ്രഖ്യാപിച്ച 10 കോടി രൂപയും 2019-20 വർഷം ടി സ്ഥാപനത്തിന്റെ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപയും ചേർത്ത് ആകെ 10 കോടി 60 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>2019-20 സാമ്പത്തിക വർഷം ടി തുകയിൽ നിന്നും ആദ്യ ഗഡുവായി 2,65,00,000/-രൂപ (രണ്ട് കോടി അറുപത്തി അഞ്ച് ലക്ഷം രൂപാ മാത്രം) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും സാമ്പത്തിക നിയന്ത്രണങ്ങൾ കാരണം ടി തുക തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയിരുന്നില്ല. 2020-21 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 60,00,000/-രൂപ (അറുപത് ലക്ഷം രൂപാ മാത്രം) കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിക്കുകയും അതേ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br><br>കായിക്കര ആശാൻ സ്മാരകം സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ വരുന്ന ടി സ്മാരകത്തിന് 2019-20 സാമ്പത്തിക വർഷം 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച Setting up of Tourism |

| | | | |
|---|---|---|---|
| | | | Awareness and Information Centre at Kayikkara Asan Smarakom and Providing Visitors Amenities – Anchuthengu, Thiruvananthapuram എന്ന പദ്ധതി പ്രവർത്തനങ്ങൾ 40% പൂർത്തീകിരിച്ചിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര, തിരുവനന്തപുരം എന്ന ഏജൻസി മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ